ആരവം ഉയർന്നു; പഴയഫലം ഒത്തു നോക്കി കൂട്ടിയും കിഴിച്ചും മുന്നണികൾ

കാസർകോട്: ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിനുള്ളപത്രികാ സമർപ്പണം ഇന്നു അവസാനിക്കാനിരിക്കെ 2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പു ഫലത്തെ ഒത്തുനോക്കി കൂട്ടിയും കിഴിച്ചും മുന്നണികൾ.

ജില്ലയിൽ ആകെ 38 ഗ്രാമപഞ്ചായത്തുകളാണുള്ളത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 17 പഞ്ചായത്തുകളിൽ യു ഡി എഫ് മുന്നേറ്റം നേടിയപ്പോൾ 16 പഞ്ചായത്തുകളുമായി എൽ ഡി എഫും തൊട്ടു പിന്നാലെയുണ്ട്. ബി ജെ പിക്ക് അഞ്ചു പഞ്ചായത്തുകളിൽ മുന്നേറ്റം ഉണ്ടാക്കാനായി. മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 21 സീറ്റുകളിൽ 11 വാർഡുകൾ നേടി യു ഡി എഫ് ആധിപത്യം സ്ഥാപിച്ചപ്പോൾ എൽ ഡി എഫിനു ഒരു വാർഡിൽ പോലും വിജയിക്കാൻ കഴിഞ്ഞില്ല. ബി ജെ പി ആറും മറ്റുള്ളവർ നാലും സീറ്റുകളിൽ വിജയം നേടി.

വൊർക്കാടി പഞ്ചായത്തിൽ ആകെയുള്ള 16 സീറ്റുകളിൽ ഏറ്റവും വലിയ കക്ഷിയായത് യു ഡി എഫ് ആണ്- ഏഴ് സീറ്റ് എൽ ഡി എഫ് നാലും ബി ജെ പി മൂന്നും മറ്റുള്ളവർ രണ്ടും സീറ്റും നേടി. രക്തസാക്ഷികളുടെ നാടെന്നു അറിയപ്പെടുന്ന പൈവളിഗെയിൽ ആകെയുള്ള 19 വാർഡുകളിൽ എട്ടു സീറ്റുകൾ നേടിയ ബി ജെ പി യാണ് ഏറ്റവും വലിയ ഒറ്റ കക്ഷി. ഇവിടെ യു ഡി എഫ് നാലും എൽ ഡി എഫ് ഏഴും സീറ്റു നേടി. മീഞ്ചയിൽ ഏഴു സീറ്റു നേടി യു ഡി എഫ് ഏറ്റവും വലിയ കക്ഷിയായപ്പോൾ ബി ജെ പി അഞ്ചും എൽ ഡി എഫ് മൂന്നും സീറ്റുകൾ നേടി.

23 വാർഡുകളുള്ള മംഗൽപ്പാടി പഞ്ചായത്തിൽ 12 സീറ്റുകളോടെ യു ഡി എഫ് അധികാരത്തിലെത്തി. എൽ ഡി എഫ് ഒന്നും ബി ജെ പിയും മറ്റുള്ളവരും അഞ്ചുവാർഡുകൾ വീതവും നേടി. സമീപ പഞ്ചായത്തായ കുമ്പളയിൽ ആകെയുള്ള 23 സീറ്റുകളിൽ 12 ഉം യു ഡി എഫ് പിടിച്ചെടുത്തു. എൽ ഡി എഫ് രണ്ട് സീറ്റുകളിൽ ഒതുങ്ങിയപ്പോൾ ബി ജെ പി ഏഴും മറ്റുള്ളവർ രണ്ടും സീറ്റുകൾ നേടി.

വലുപ്പം കൊണ്ട് ചെറുതായ പുത്തിഗെ പഞ്ചായത്തിൽ ആകെയുള്ള 14 സീറ്റുകളിൽ 10 എണ്ണം നേടി എൽ ഡി എഫ് ശക്തമായ സാന്നിധ്യം അറിയിച്ചപ്പോൾ യു ഡി എഫിനു രണ്ടും ബി ജെ പിക്കും മറ്റുള്ളവർക്കും ഒരു സീറ്റുകൊണ്ടും തൃപ്തിപ്പെടേണ്ടിവന്നു.

എൻമകജെ പഞ്ചായത്തിലെ 17 സീറ്റുകളിൽ ഏഴു സീറ്റുകൾ വീതം നേടി ബി ജെ പിയും യുഡി എഫും സമനിലപാലിച്ചപ്പോൾ എൽ ഡി എഫ് മൂന്നിടങ്ങളിൽ വിജയക്കൊടി നാട്ടി. ബദിയഡുക്കയിൽ ആകെയുള്ള 19 സീറ്റുകളിൽ പത്തെണ്ണം യു ഡി എഫിനു ആയിരുന്നു. ഒരു സീറ്റ് എൽ ഡി എഫും എട്ടു സീറ്റുകൾ ബി ജെ പിയും നേടി.

മൊഗ്രാൽ പുത്തൂരിൽ 15ൽ 10 ഉം നേടി യു ഡി എഫ് കരുത്ത് ഒരിക്കൽ കൂടി അറിയിച്ചപ്പോൾ നാലു സീറ്റുകളിൽ ബി ജെ പിയും ഒരിടത്തു മറ്റുള്ളവരും വിജയിച്ചു.

മധൂരിൽ 20ൽ 16ഉം നേടി ബി ജെ പി ഒരിക്കൽ കൂടി വിജയത്തിന്റെ താമരവിരിയിച്ചു. ഇവിടെ നാലു സീറ്റുകൾ യു ഡി എഫ് നേടി. കാറഡുക്കയിൽ ആകെയുള്ള 15 വാർഡുകളിൽ ഏഴു നേടിയ ബി ജെ പി ഏറ്റവും വലിയ ഒറ്റകക്ഷിയായി. എൽ ഡി എഫ് അഞ്ചും യു ഡി എഫ് മൂന്ന് സീറ്റുകളും നേടി. ബെള്ളൂരിൽ എട്ടു സീറ്റു നേടിയ ബി ജെ പി ഒന്നാമതായി. എൽ ഡി എഫ് നാലും മറ്റുള്ളവർ ഒരു വാർഡും നേടി.

കുംബഡാജെയിൽ ഏഴു വാർഡുകൾ നേടി യു ഡി എഫ് ഭരണത്തിലേറിയപ്പോൾ ബി ജെ പിക്കു ഒരു സീറ്റു നഷ്ടത്തിലാണ് പഞ്ചായത്ത് ഭരണം കിട്ടാതെപോയത്.

ദേലംപാടിയിൽ ആകെയുള്ള 16 സീറ്റുകളിൽ എട്ടെണ്ണം നേടി എൽ ഡി എഫ് അധികാരത്തിലെത്തി. യു ഡി എഫ് അഞ്ചും ബി ജെ പി മൂന്നു സീറ്റുകളിലും വിജയിച്ചു.

ചെങ്കളയിൽ ആകെയുള്ള 23 സീറ്റുകളിൽ 17 നേടിയ യുഡിഎഫ് ഭരണം ആവർത്തിച്ചു. എൽ ഡി എഫും അഞ്ചും മറ്റുള്ളവർ ഒരു സീറ്റും നേടി.

23 സീറ്റുള്ള ചെമ്മനാട്ട് 15 സീറ്റുനേടി യു ഡി എഫ് ഭരണം ഉറപ്പാക്കിയപ്പോൾ എൽ ഡി എഫിനു അഞ്ചു സീറ്റുകൾ കൊണ്ട് തൃപ്തിയടയേണ്ടിവന്നു. ബി ജെ പി 3 സീറഅറും നേടി.

(തുടരും.)

ജില്ലയിലെ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പു ഫലം – 2015

	ആകെ	യു ഡി എഫ്	എൽ ഡി എഫ്	ബി ജെ പി	മറ്റുള്ളവർ
1 മഞ്ചേശ്വരം	21	11	0	06	04
2 വൊർക്കാടി	16	07	04	03	02
3 പൈവളിഗെ	19	04	07	08	0
4 മീഞ്ച	15	07	03	05	0
5 മംഗൽപ്പാടി	23	12	01	05	05
6 കുമ്പള	23	12	02	07	02
7 പുത്തിഗെ	14	02	10	01	01
8 എൻമകജെ	17	07	03	07	0
9 ബദിയഡുക്ക	19	10	01	08	0
10 മൊഗ്രാൽപുത്തൂർ	15	10	0	04	01
11 മധൂർ	20	04	0	16	0
12 കാറഡുക്ക	15	03	05	07	0
13 ബെള്ളൂർ	13	0	04	08	01
14 കുംബഡാജെ	13	07	0	06	0
15 ദേലംപാടി	16	05	08	03	0
16 ചെങ്കള	23	17	05	0	01
17 ചെമ്മനാട്	23	15	05	03	0

സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു; കാഞ്ഞങ്ങാട്നഗരസഭയിൽ ഭരണ തുടർച്ച ഉറപ്പെന്ന് എൽ ഡി എഫ്

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് നഗരസഭയിൽ എൽ ഡി എഫ് ഭരണത്തുടർച്ച നേടുമെന്ന് മുന്നണി നേതാക്കൾ അവകാശപ്പെട്ടു. എൽ ഡിഎഫ് സർക്കാറിന്റെ ഭരണ നേട്ടങ്ങളും കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങൾക്ക്മുമ്പാകെ അവതരിപ്പിച്ച പ്രകടന പത്രികയിലെ മുഴുവൻ കാര്യങ്ങളും സമയ ബന്ധിതാമായി നടപ്പാക്കിയതിന്റെ ആത്മവിശ്വാസവുണ്ടായിട്ടാണ് തങ്ങൾ വീണ്ടും ജനങ്ങളെ സമീപിക്കുന്നതെന്ന് അവർ പറഞ്ഞു. മുഴുവൻ ജന വിഭാഗങ്ങളുടെയും അംഗീകാരം പിടിച്ചു പറ്റിയ എൽഡിഎഫ് ഭരണത്തിന് തുടർച്ചയുണ്ടായാലേ വരുന്ന കാൽനൂറ്റാണ്ട് കാലത്തെ നഗരത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു വികസനപ്രക്രിയ നടത്താവൂ എന്ന് അവർ പറഞ്ഞു. എൽഡിഎഫ് ഘടക കക്ഷികൾക്ക് അർഹതപ്പെട്ട സീറ്റുകൾ തന്നെ നൽകാനായി. നാടിന്റെ പൊതുവികാരവും വോട്ടർമാരുടെ താൽപര്യവും കണക്കിലെടുത്ത് വോട്ടർമാരുടെ മനസ്സറിയുന്നവരെയാണ് 43 വാർഡുകളിലും എൽ ഡിഎഫ് സ്ഥാനാർത്ഥികളാക്കിയത് . നാടിന്റെ വികസനകാര്യത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി സഹകരിക്കാൻ തയ്യാറായി മുന്നോട്ട് വന്നവർ ഉൾപ്പെടെ 14 സ്വതന്ത്രസ്ഥാനാർത്ഥികൾ എൽഡിഎഫ് പാനലിൽ മൽസരരംഗത്തുണ്ട്. 20 സീറ്റിൽ (സി പി എം), സി പി എം , എൽ ഡിഎഫ് സ്വതന്ത്രർ(14) ഐ എൻ എൽ (6), എൽ ജെ ഡി, സിപിഐ ,കേരള കോൺഗ്രസ (ഒന്നുവീതം),വാർഡുകളിൽ മത്സരിക്കും. വാർത്താ സമ്മേളനത്തിൽ സിപിഎം ജില്ലാ കമ്മറ്റിയംഗം പി അപ്പുക്കുട്ടൻ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. മുൻ നഗരസഭാ ചെയർമാൻ വി വി രമേശൻ, ഡി വി അമ്പാടി, ബിൽടെക് അബ്ദുള്ള, സി കെ ബാബു രാജ് കൃഷ്ണൻ പനങ്കാവ്, അഡ്വ. സി വി ഗംഗാധരൻ, പി പി രാജു, നന്ദകുമാർ വെള്ളരിക്കുണ്ട്, സ്റ്റിഫൻ സ്കറിയ, രതീഷ് പുതിയടത്ത് സംബന്ധിച്ചു.

കാഞ്ഞങ്ങാട് നഗരസഭാ എൽ ഡി എഫ് സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കൽ ചടങ്ങിൽ നിന്നും

കാഞ്ഞങ്ങാട് നഗരസഭ എൽ ഡി എഫ് സ്ഥാനാർത്ഥികൾ

1. ബല്ലാകടപ്പുറം വി എസ സജിതകുമാരി (സി പി ഐ എം സ്വതന്ത്ര), 2. ബല്ലാ കടപ്പുറം ബേബിബാലൻ (ഐഎൻ എൽ) 3. കാഞ്ഞങ്ങാട് ടൗൺ എം ശോഭന (സി പി ഐഎം സ്വതന്ത്ര), 4. അതിയാമ്പൂർ കെ വി സുജാത ടീച്ചർ (സി പി ഐ എം), 5. ദുർഗസ്കൂൾ ലക്ഷ്മി(സി പി ഐഎംസ്വതന്ത്ര), 6. കാരാട്ടുവയൽ പ പ്രകാശൻ(സി പി ഐ എം സ്വതന്ത്ര), 7. നെല്ലിക്കാട്ട് ടി വി സുജിത്ത് കുമാർ(സി പി ഐഎം), 8. ബല്ലാ ഈസ്റ്റ് ലത(സി പി ഐ എം), 9 എ സി നഗർ ശോഭ(സി പി ഐഎം സ്വതന്ത്ര), 10. അടമ്പിൽ സുശീല (സി പി ഐ എം), 11. തോയമ്മൽ സി ജാനകിക്കുട്ടി (സി പി ഐ എം) , 12. ആറങ്ങാടി ടി അബ്ദുൾ മുത്തലിബ് (ഐ എൻ എൽ), 13. എൻ ജി ഒ ക്വാട്ടേഴ്സ് കെ ജയപ്രകാശ്(സി പി ഐഎം സ്വതന്ത്ര), 14. മുനിസിപ്പൽ ഓഫീസ് ടി വി ഷൈലജ (എൽ ഡി എഫ് സ്വതന്ത്ര) , 15. ലക്ഷ്മി നഗർ ജി അശ്വനി(സി പി എം സ്വതന്ത്ര), 16. കണിയാംകുളം റോജ തങ്കച്ചൻ (കേരള കോൺഗ്രസ് എം) , 17 മതോത്ത് . വി വി രമേശൻ (സി പി ഐ എം), 18. നിലാങ്കര അഹമ്മദലി(സി പി ഐ എം സ്വതന്ത്ര), 19. കാഞ്ഞങ്ങാട് സൗത്ത് പ്രഭാവതി (സിപിഐ), 20. അരയി കെ വി മായാകുമാരി (എൽ ജെ ഡി) , 21 ഭൂതാനം. പി രാധാകൃഷ്ണൻ, (സി പി ഐ എം) 22. ചോടി റോഡ് എൻ വി രാജൻ(സി പി ഐഎം), 23. പാടിയിൽ പി വി മോഹനൻ(സി പി ഐഎം), 24. പുതുക്കൈ കെ രവീന്ദ്രൻ(സി പി ഐഎം), 25. മധുരകൈ കെ വി സരസ്വതി(സി പി ഐഎം), 26. ഐക്കോത്ത് വിനീത്കൃഷ്ണൻ (സി പി ഐഎം), 27. പടന്നക്കാട് എൻ സുലൈഖ (ഐ എൻ എൽ), 28. തീർത്ഥങ്കര ഗിരിജ ചന്ദ്രൻ(സി പി ഐഎം), 29. മരക്കാപ്പ് കടപ്പുറം സി രവീന്ദ്രൻ(സി പി ഐഎം), 30. ഒഴിഞ്ഞവളപ്പ് സുഹാസ്(സി പി ഐ എം), 31. കരുവളം ബിൽടെക് അബ്ദുള്ള (ഐ എൻ എൽ), 32. കുറുന്തൂർ അനീശൻ(സി പി ഐഎം), 33. ഞാണിക്കടവ് നജ്മ റാഫി (ഐ എൻ എൽ), 34. മൂവാരിക്കുണ്ട് ടി ബാലകൃഷ്ണൻ(സി പി ഐഎം), 35. പട്ടേക്കാൽ ഫൗസിയ (ഐ എൻ എൽ), 36. മറിയനാവി മഹമ്മൂദ് മുറിയനാവി(സി പി ഐഎം സ്വതന്ത്ര), 37. കല്ലൂരാവി കെ ചന്ദ്രൻ(എൽഡിഎഫ് സ്വതന്ത്ര), 38. ആവിയിൽ കെപ്രസീന(സി പി ഐഎം സ്വതന്ത്ര), 39. കുശാൽനഗർ ടി ചാന്ദ്നി(സി പി ഐഎം സ്വതന്ത്ര), 40. ഹൊസ്ദുർഗ് കെ വി നളിനി (സി പി ഐഎം സ്വതന്ത്ര), 41. കൊവ്വൽ എച്ച് ശിവദത്ത്(സി പി ഐഎം), 42. ആവിക്കര എ കെ ലക്ഷ്മി(സി പി ഐഎം), 43. മീനാപ്പീസ് സി സുജിത്ത്

സ്ഥാനാർത്ഥിക്ക് കെട്ടിവെക്കാനുള്ള തുക പുരുഷ സ്വയം സഹായ സംഘം നൽകി

പാലക്കുന്ന്: കാഞ്ഞങ്ങാട് ബ്ലോക്ക് കരിപ്പോടി ഡിവിഷനിൽ നിന്ന് എൽ. ഡി.എഫ്. സ്ഥാനാർഥിയായി മത്സരിക്കുന്ന കെ.വി. രാജേന്ദ്രന് പാലക്കുന്ന് പുരുഷ സ്വയം സഹായ സംഘം പ്രസിഡന്റ് പി കെ വാസു കെട്ടിവെക്കാനുള്ള തുക കൈമാറി.ജനാർദ്ദനൻ ആചാരി, അബ്ദുൽ ആരിഫ്, കെ. വി. ഉദയകുമാർ, കെ.വി. അരവിന്ദാക്ഷൻ, കൃഷ്ണൻ ചേരിക്കൽ, സുകു പള്ളം, സി.കെ. ശശി, വിനോദ്കുമാർ, വേണു ഗോപാൽ എന്നിവർ പങ്കെടുത്തു.

സ്ഥാനാർഥി കെ.വി. രാജേന്ദ്രന് പാലക്കുന്ന് പുരുഷ സ്വയം സഹായ സംഘം പ്രസിഡന്റ് പി.കെ. വാസു കെട്ടിവെക്കാനുള്ള തുക കൈമാറുന്നു

നാലപ്പാടം പത്മനാഭനെകുറിച്ചുള്ള പുസ്തക പ്രകാശനം രാജ്മോഹൻ ഉണ്ണിത്താൻ എം പി ഉദ്ഘആടനം ചെയ്യുന്നു

എഴുത്തിന്റെ നാൽപ്പതാം വർഷം; പുസ്തകം പ്രകാശനം ചെയ്തു

കാഞ്ഞങ്ങാട്: ഒരു എഴുത്തുകാരൻ എഴുത്തിന്റെ നാല്പത് വർഷങ്ങൾ പിന്നിടുമ്പോൾ മുപ്പത് പുസ്തകങ്ങൾ പുറത്തിറക്കി എന്ന് പറയുന്നത് ചെറിയ കാര്യമല്ല. നാലപ്പാടം പത്മനാഭൻ എന്ന കവിക്ക് ചങ്ങമ്പുഴ പ്രവാസി പുരസ്കാരവും വൈലോപ്പിള്ളി പുരസ്കാരവും ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കിട്ടിയിട്ടുണ്ട് എന്നത് നാലപ്പാടം പത്മനാഭൻ എന്ന കവിയുടെ മഹത്വം വെളിവാക്കുന്നുവെന്നു എം പി രാജ്മോഹൻ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു. വൈലോപ്പിള്ളിയുടെ കവിതയിൽ പറയുന്നതുപോലെ ഏതാണു ധൂസര യുഗത്തിൽ പിറന്നാലും എത് യന്ത്രവത്കൃത ലോകത്തിൽ പുലർന്നാലും മനസ്സിൽ ഉണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും മണവും മമതയും ഇത്തിരി കൊന്നപ്പൂവും എന്ന് ഞാനും ആശംസിക്കുകയാണ്. നമ്മൾ എത്ര വലിയവരായാലും എന്തൊക്കെയായാലും ഇത്തിരി കവിത മനസ്സിൽ ഉണ്ടെങ്കിൽ നമ്മുടെ മനുഷ്യത്വം നിലനിൽക്കും.നാലപ്പാടം പത്മനാഭന് നല്ല കവിയായും നല്ല മനുഷ്യനായും തുടരാൻ ഇനിയും സാധിക്കട്ടെ. നാലപ്പാടം പത്മനാഭന്റെ എഴുത്തിന്റെ നാല്പതാം വർഷത്തിൽ സുഹൃത്തുക്കൾ ചേർന്ന് പ്രസിദ്ധീകരിച്ച നാലപ്പാടം പത്മനാഭൻ അക്ഷര നക്ഷത്രം എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.പി.

കണ്ണൂർ സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. ഖാദർ മാങ്ങാട് ആധ്യക്ഷം വഹിച്ചു. പത്മനാഭൻ, കെ.വി.മോഹനൻ ,നാലപ്പാടം പത്മനാഭൻ സംസാരിച്ചു.

പി എഫ് പെൻഷനേഴ്സ് അസോസിയേഷൻ കാസർകോട് ഏരിയ കമ്മിറ്റി പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് ഹെഡ് പോസ്റ്റ് ഓഫീസ് മുന്നിൽ നടത്തിയ ധർണ്ണ സി ഐ ടി യൂ ജില്ലാ സെക്രട്ടറി ടി. കെ. രാജൻ ഉദ്ഘാടനം ചെയ്യുന്നു

ദേശീയ പാതയിലെ കുഴികൾ ദേശീയ പാത അതോറിറ്റി കണക്കെടുക്കുന്നു

കാഞ്ഞങ്ങാട്: നീലേശ്വരംമുതൽപയ്യന്നൂർ വരെയുള്ള നാഷണൽ ഹൈവേ പ്രവർത്തിയിൽ വൻ തോതിലുള്ള അഴിമതി നടന്നതായും അത് കാരണം യാത്ര ചെയ്യാൻ പറ്റാത്ത വിധം കുഴികൾ രൂപപ്പെട്ടതും ചൂിക്കാട്ടി സപര്യ സാംസ്കാരിക സമിതി നൽകിയ പരാതി പ്രകാരം ഉടനെ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കണ്ണൂർ ഡിവിഷണൽ എക്സി . എൻജിനീയർക്ക് നിർദ്ദേശം നൽകി. ഇക്കഴിഞ്ഞ ഒക്ടോബർ പത്തിന് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രീവൻസ് പോർട്ടലിൽ സപര്യ സംസ്ഥാന സെക്രട്ടറി ,മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് അഥവാ MORTH നാണ് പരാതി സമർപ്പിച്ചത്.

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടികൂടി

നീലേശ്വരം: ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളും നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളും നീലേശ്വരം നഗരസഭ ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയിൽ പിടിച്ചെടുത്തു. ഹോട്ടലുകൾ, തട്ടുകടകൾ, പഴം-പച്ചക്കറി കടകൾ, ബേക്കറികൾ, സ്റ്റേഷനറികൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമാണ് നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടിച്ചെടുത്തത്. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്നും നിയമലംഘകരെ കണ്ടെത്തി ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു. പരിശോധനയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ കെ.വി. രാജീവൻ, ജെ.എച്ച്.ഐ. മാരായ ടി. വി. രാജൻ, ടി. നാരായണി, പി. പി. സ്മിത, കെ.വി. ബീനാകുമാരി എന്നിവർ നേതൃത്വം നൽകി.

താജുൽ ഉലമാ
ഉള്ളാൾ തങ്ങൾ (ഖ:സി)
7-ാം
ഉറൂസ് മുബാറക്
2020 നവംബർ
MANSHAU

എട്ടിക്കുളം താജുൽ ഉലമാ ഉള്ളാൾ തങ്ങൾ 7-ാം ഉറൂസ് മുബാറക് സമാപന സംഗമത്തിൽ കേരളാ മുസ്ലീം ജമാഅത്ത് സംസ്ഥാന ഉപാധ്യക്ഷൻ കെ പി അബൂബക്കർ മുസ്ലിയാർ പട്ടുവം പ്രസംഗിക്കുന്നു

നവോദയയിൽ പ്രവേശനം

കാസർകോട്: പെരിയ ജവഹർ നവോദയ വിദ്യാലയത്തിൽ 2021-22 അദ്ധ്യയന വർഷത്തിൽ ഒൻപതാം ക്ലാസ്സിലെ ഒഴിവുകൾ നികത്തുന്നതിനായി 2021 ഫെബ്രുവരി 13 ന് നടത്തുന്ന ലാറ്ററൽ എൻട്രി പ്രവേശനപരീക്ഷയുടെ അപേക്ഷ ക്ഷണിച്ചു . www.navodaya.gov.in ലൂടെ ഡിസംബർ 15 വരെ അപേക്ഷിക്കാം.അപേക്ഷകർ കാസർകോട് ജില്ലയിൽ 2020-21 അദ്ധ്യയന വർഷത്തിൽ സർക്കാർ / സർക്കാർ അംഗീകൃത വിദ്യാലയത്തിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്നവരും 2005 മെയ് 20നും 2009 ഏപ്രിൽ 30 നും ഇടയിൽ ജനിച്ചവരുമായിരിക്കണം. ഹെൽപ്പ്ലൈൻ നമ്പർ :04672234057.

ഉദ്ഘാടനം ചെയ്തു

കാഞ്ഞങ്ങാട്: വിശിഷ്ട സേവനത്തിന് മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ നേടിയ ഹോസ്ദുർഗ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസരും കിഴക്കുംകര സ്വദേശിയുമായ രതീഷ് കുറ്റിയാട്ടിനെ കിഴക്കുംകര ശാന്തി കലാ മന്ദിരം വായനശാല ആൻഡ് ഗ്രന്ഥാലയം അനുമോദിച്ചു. സി പി എം ജില്ലാ കമ്മിറ്റി അംഗം എം പൊക്ലൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ വി കണ്ണൻ ആധ്യക്ഷം വഹിച്ചു.

കാസർകോട്ട് കാലിഗ്രാഫി ഫെസ്റ്റ്; ഡിസംബർ 18ന് ആരംഭിക്കും

കാസർകോട് : പുതുതലമുറയുടെ ഇഷ്ട കലയായ കാലിഗ്രാഫിയുടെ സാങ്കേതിക വശങ്ങളും, എഴുത്ത് രീതികളും അറിയാൻ കാസർകോട്ട്കാലിഗ്രാഫി ഫെസ്റ്റ് സംഘടിപ്പിക്കുന്നു. കാലിഗ്രാഫിക് മത്സരം, എക്സിബിഷൻ, കാലിഗ്രാഫി വർക്ക്ഷോപ്പ് എന്നിവയാണ് ഫെസ്റ്റിനോടനുബന്ധിച്ച് സംഘടിപ്പിക്കും. കാസർകോട് ആർട് ഫോറമാണ് സംഘാടകർ. അറബിക് ഭാഷാ ദിനമായ ഡിസംബർ 18ന് കാലിഗ്രാഫി ഫെസ്റ്റ് സംഘടിപ്പിക്കും. കാലിഗ്രാഫി മത്സരത്തിൽ പങ്കെടുക്കുന്നവർ 12 -18 ഇഞ്ച് സൈസിൽ കുറയാത്ത ക്യാൻവാസിലോ, പേപ്പറിലോ അറബിക് സൂക്തങ്ങൾ വീട്ടിൽ നിന്നു വരച്ച് ഒറിജിനൽ ആർട്ട് വർക്ക് അയച്ചു തരണം.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം. മത്സരത്തിന് ലഭിച്ച എൻട്രികളെല്ലാം ഡിസംബർ 18ന് ലോക അറബി ഭാഷാ ദിനത്തിൽ പ്രദർശനത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും. കൂടാതെ കാലിഗ്രാഫി ശില്പശാലയിലും പങ്കെടുക്കാം. ഒന്നാം സമ്മാനം നേടുന്നവർക്ക് 15000 രൂപയും, രണ്ടാം സമ്മാനം 10000 രുപയുമാണ് പ്രൈസ് മണി. കൂടാത ഗിഫ്റ്റ് വൗച്ചറുകളും സമ്മാനിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ നവംബർ 30ന് മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യണം.

അഖില കേരള വിശ്വകർമ്മ മഹാ സഭ ജില്ലാ കമ്മിറ്റി ആഭിമുഖ്യത്തിൽ സവർണ സംവരണിത്തിന് എതിരെ കലക്ടറേറ്റ് പരിസരത്ത് നടത്തിയ സത്യഗ്രഹം ജില്ലാ സെക്രട്ടറി വിനോദ് ചിറ്റാരിക്കാൽ ഉദ്ഘടനം ചെയ്യുന്നു

ഫരിസ്ത ക്രിയേഷൻസിന്റെ ബാനറിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നിർമ്മിച്ച കരുതൽ എന്ന കോവിഡ് ബോധവൽക്കര ഹ്രസ്വ ചിത്രം ഐഎംഎ ജില്ലാ പ്രസിസന്റ് ഡോ. ബി.നാരായണ നായ്ക്ക് റിലീസ് ചെയ്യുന്നു.

'കരുതൽ 'കോവിഡ് ബോധവത്ക്കരണ ഹ്രസ്വ ചിത്രം റിലീസ് ചെയ്തു

കാസർകോട് : കുഞ്ഞു മനസ്സിന്റെ കോവിഡ് ആശങ്ക പങ്കുവെയ്ക്കുന്ന 'കരുതൽ'എന്ന കോവിഡ് ബോധവത്ക്കരണ ഹ്രസ്വ ചിത്രം റിലീസ് ചെയ്തു. 3 മിനിറ്റാണ് ചിത്രത്തിന്റെ ദൈർഘ്യം. ഐ.എം.എ ജില്ലാ പ്രസിഡന്റ് ഡോ: ബി. നാരായണ നായ്ക്ക് പ്രകാശനം ചെയ്തു. ടീം ബഹറൈൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നിർമ്മിച്ച രണ്ടാമത്തെ കോവിഡ് ചിത്രമാണിത്. കോവിഡ് വന്നു പോകട്ടെ എന്ന ചിലരുടെ നിലപാട് അപകടം വിളിച്ചുവരുത്തുന്നതാണ്. പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ മനുഷ്യനെ കൊല്ലാകൊല ചെയ്യുന്നു.കോവിഡ് വരാതെ ഇരിക്കാൻ ജാഗ്രത പാലിക്കണം എന്നതാണ് ചിത്രത്തിന്റെ പ്രമേയം. ബി.സി. കുമാരനാണ് സംവിധായകൻ. പരിപാടിയിൽ കാസർകോട് റോട്ടറി പ്രസിഡന്റ് ഡോ: ജനാർദ്ദന നായ്ക്ക്, ഹെൽത്ത് സൂപ്പർവൈസർ ബി.അഷ്റഫ്, ചെങ്കള ഹെൽത്ത് ഇൻസ്പെക്ടർ കെ.എസ് രാജേഷ്,ബി.സി കുമാരൻ,മസൂദ് എന്നിവർ സംബന്ധിച്ചു.

വിജയികളെ അനുമോദിച്ചു

കാസർകോട്: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രവാചകൻ മുഹമ്മദ് നബിയുടെ ജന്മദിനവുമായി ബന്ധപ്പെട്ട നടത്തിയ റബിഹ് ക്യാമ്പയിൻ സമാപിച്ചു. മദ്ഹ് ഗാന പ്രമേയ പ്രഭാഷണ മത്സരത്തിൽ പങ്കെടുത്ത വിജയികളെ ജില്ലാ കമ്മറ്റി അനുമോദിച്ചു. മദ്ഹ് ഗാനം: ബഷീർ മൗലവി പുളിങ്ങോം റൗളത്തുൽ ഉലൂം മദ്രസ ചെറുവത്തൂർ (ഒന്നാം സ്ഥാനം), മുഹമ്മദ് റഫീഖ് ദാരിമി കീഴൂർ(രണ്ടാംസ്ഥാനം) പ്രഭാഷണം അബ്ദുൽ ഖാദർ ഫൈസി കോട്ടിക്കുളം (ഒന്നാം സ്ഥാനം), അബ്ദുൽ നാസർ ഫൈസി ചെറുവത്തൂർ (രണ്ടാം സ്ഥാനം.) എന്നിവരാണ് വിജയികൾ.

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കോവിഡ് വ്യാപനത്തിന് ഇടയാക്കരുത്:ജില്ലാകളക്ടർ

കാസർകോട്: പഞ്ചായത്ത് തിരഞ്ഞെടുപ്പു പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നവർ നിർബന്ധമായും ആന്റിജൻ ടെസ്റ്റ് നടത്തി കോവിഡ് വിമുക്തരാണെന്ന് ഉറപ്പു വരുത്തണമെന്നു ജില്ലാകളക്ടർ ഡി സജിത്ബാബു അറിയിച്ചു.

മഹാമാരിയായ കോവിഡിനെ നിയന്ത്രണവിധേയമാക്കാൻ ജില്ലക്കു കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത്തരമൊരു സാഹചര്യം ഉണ്ടാക്കാനും ജനങ്ങളെ കോവിഡ് ഭീതിയിൽ നിന്നു രക്ഷിക്കാനും ആരോഗ്യ വകുപ്പ് -പൊലീസ് വകുപ്പുകളും ജില്ലാധികൃതരും അതിലുപരി ജനങ്ങളും ഒരു പാടു പാടുപെട്ടു. ഈ നേട്ടം നിലനിറുത്താനും ജില്ലയെ കോവിഡ് രോഗമുക്തമാക്കാനും എല്ലാവരുടെയും സഹകരണം കൂടിയേ തീരൂ. ഇതിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് അവസാനിക്കുന്നതു വരെ തിരഞ്ഞെടുപ്പു പ്രചരണങ്ങളിലേർപ്പെടുന്നവർ ജാഗ്രത പാലിക്കണമെന്നും കോവിഡ് വാഹകരല്ലെന്ന് സദാ ഉറപ്പുവരുത്തുകയും കോവിഡ് മുൻ കരുതൽ മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യണമെന്നു അഭ്യർത്ഥിച്ചു.